**കേരള സർക്കാർ**

നം.ആർ.സി.3/ 422/ 2017/ തസ്വഭവ

തദ്ദേശ സ്വയം ഭരണ(ആർ.സി)വകുപ്പ്
ഫോൺ നമ്പർ - 0471 2518630
ഇ മെയിൽ - lsgdrc15@gmail.com
തിരുവനന്തപുരം, തീയതി: 9/ 11/ 2018.

## പരിപത്രം

വിഷയം: ത.സ്വ.ഭ.വ - അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ളതും തെരുവുനായ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നതുമായ സംഘടനകളെ അനിമൽ ബർത്ത് കൺട്രോളിനായി ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 05.05.2017 ലെ സ.ഉ.(സാധ) 1450/ ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന ചില സന്നദ്ധ സംഘടനകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. 2001 ലെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ്, ചട്ടം 6(2), (3) പ്രകാരം തെരുവുനായ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എ.ബി.സി പ്രോഗ്രാമിന് ചുമതലപ്പെടുത്താവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാമിനായി കുടുംബശ്രീയെയാണ് ചുമതലപ്പെടുത്തുന്നത്. കൂടാതെ, അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരമുള്ള തെരുവുനായ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് സന്നദ്ധ സംഘടനകളെ ചുമതലപ്പെടുത്തിയും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി എ.ബി.സി പ്രോഗ്രാം നടപ്പിലാക്കാവുന്നതാണ്.

1) എ.ബി.സി പ്രോഗ്രാമിനായി ചുമതലപ്പെടുത്തുന്ന തെരുവുനായ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘടനകൾക്ക് അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

2) തെരുവുനായകളെ ദേഹോപദ്രവമേൽപ്പിക്കാതെയും 1979 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ചട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുംവേണം തെരുവുനായകളെ വന്ധ്യംകരണത്തിനായി പിടികൂടേണ്ടത്.

3) വേണ്ടത്ര പരിശീലനം ലഭിച്ചവരെയും, പേവിഷബാധയ്ക്കെതിരെ കുത്തിവയ്പ്പ് എടുത്തവരെയും നിയോഗിച്ചാണ് ടി സംഘടനകൾ തെരുവുനായകളെ പിടികൂടുന്നതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

4) അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ സന്നദ്ധ സംഘടനകൾ ലംഘിച്ചാൽ, അവരുടെ സേവനം ഉടൻതന്നെ അവസാനിപ്പിക്കേണ്ടതാണ്.

5) 2001 ലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അതേപടി പാലിച്ചാണോ സന്നദ്ധ സംഘടനകൾ എ.ബി.സി പ്രോഗ്രാം നടത്തുന്നതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കണം.

മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ,തിരുവനന്തപുരം
എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും,(പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ്(വെബ് & ന്യൂമീഡിയ) വകുപ്പ്,
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**